# <u>Ephphatha in ‘Adversity’</u>

## <u>(പ്രതികൂലങ്ങളിൽ എഫഥാ-2 രാജ : 6:17)</u>




പ്രതികൂലങ്ങൾ  പലരേയും ഭയത്തിലേക്ക് തള്ളിയിടുന്നു. എത്ര ധൈര്യത്തിന്റെ വാക്കുകൾ ഉച്ചരിച്ചാലും ഭയം നമ്മെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നു. ദൈവം സംസാരിച്ച വ്യക്തികളേയും അവരുടെ അനുഭവങ്ങളെയും വചനത്തിന്റെ സഹായത്തോടെ ഗ്രഹിച്ചാൽ ദൈവമഹത്വത്തിന്റെ ആഴം നമുക്കും ഗ്രഹിക്കുവാൻ കഴിയും.

“stars can’t shine without darkness”

ഇതുപോലെ നമ്മുടെ പ്രതികൂലങ്ങളുടെ തീവ്രതയിലാണ് നാമും ദൈവസ്നേഹവും കരുതലും കാണുന്നത്. പ്രതികൂലങ്ങൾ നമ്മെ ശക്തിയുള്ളവരാക്കുന്നു. അതിനാൽ നമ്മുടെ സംസാരം സൂക്ഷിക്കുക, പ്രതികൂലം വരുമോ അപ്പോൾ നാം എന്തു ചെയ്യും എന്നാണ് പലരുടെയും ചിന്ത.

ഒരിക്കൽ മുന്തിരിവള്ളി പടർത്തുവാൻ പലകയിൽ ആണിഅടിച്ചു കൊണ്ടിരുന്ന ഒരു ദൈവദാസനെ ഒരു കുട്ടി സസൂക്ഷ്മം ശ്രദ്ധിക്കുന്നതായി കണ്ടു. കുഞ്ഞേ നിനക്ക് മുന്തിരികൃഷി  ഇത്ര ഇഷ്ടമാണോ എന്ന് ദൈവദാസൻ ചോദിച്ചതിന് മറുപടിയായി ബാലൻ പറഞ്ഞ വാക്കുകൾ  അദ്ദേഹത്തെ തന്റെ ജീവിതത്തിൽ ശ്രദ്ധിക്കേണ്ട ഒരു പുതിയ പാഠം പഠിപ്പിച്ചു. ‘‘അല്ലസാർ അങ്ങളുടെ വിരലുകളിൽ അബദ്ധവശാൽ ആ ചുറ്റിക കൊണ്ടാൽ അങ്ങ് എപ്രകാരം  പ്രതികരിക്കുമെന്നാണ് ഞാൻ

ശ്രദ്ധിച്ചത്. ഈ ബാലനെപ്പോലെ ലോകമനുഷ്യർ നമ്മെ വീക്ഷിയ്ക്കുമെന്ന് മറക്കരുത്. പ്രതികുല ത്തിൽ ഭയത്തെ ഒഴിവാക്കുക തലകുനിച്ചിരിക്കാതെ ആസഹായ പർവ്വതത്തെ നോക്കുക. നമ്മുടെ ഹൃദയത്തോട്, ബുദ്ധിമണ്ഡലത്തോട്, ആലോചനകളോട് എഫഥാ പറയുന്നവനാണ് ആകാശവും ഭൂമിയും സൃഷ്ടിച്ച യഹോവ.

വഴി അടഞ്ഞു എന്ന് കരുതിയ യിസ്രായേൽ ജനം നിലവിളിച്ചപ്പോൾ ദൈവീക നിർദ്ദേശം മോശയക്ക് ലഭിച്ചു. അടഞ്ഞ വഴികളോട് ആണ് യഹോവ തുറന്നുവരിക എന്നർത്ഥമുള്ള എഫഥാ എന്ന് പറഞ്ഞത്. യഹോവ തുറന്നവഴിയെ നടക്കുവാൻ ഭയം വേണ്ട. നിനക്കായി തുറന്നവഴി ശത്രുവിന് അടയ്ക്കുവാൻ കഴിയുകയില്ല. നിന്റെ വഴിയിൽകൂടി കടക്കുന്നവനെ തൂത്തുമാറ്റുന്ന വനാണ് യഹോവ.

പുറ 14:10 -16, 21-22.

മോശയുടെ കാലം കഴിഞ്ഞ് ജനത്തെനടത്തുവാനുള്ള ചുമതല ഏൽപ്പിച്ച യഹോവ ഏതു വഴിയും സുഗമമാക്കി നടത്തുമെന്ന കാര്യം (യോശുവ : 1:9) യെരിഹോ കണ്ടപ്പോൾ യോശുവ മറ ന്നു. തടസ്സത്തെ തകർക്കുന്നവനാണ് യഹോവ എന്നും അടഞ്ഞ വഴിയോട് തുറന്നുവരിക എന്നർത്ഥമുള്ള എഫഥാ എന്ന് കൽപ്പിക്കുകയും ചെയ്തവൻ തന്റെ സൈന്യാധിപനെ അയച്ച് യെരിഹോ കീഴ്പ്പെടുത്തുവാൻ എന്തെല്ലാം ചെയ്യണമെന്നും ചെയ്യേണ്ടാത്തത് എന്തെല്ലാമെന്നും പറ ഞ്ഞുകൊടുത്തു. അനുസരിച്ചപ്പോൾ വിജയം ലഭിച്ചു എന്നാൽ എടുക്കരുതാത്തത് കണ്ട്, മോഹിച്ച് എടുത്തപ്പോൾ അടുത്ത പട്ടണത്തിൽ വിജയത്തിനു പകരം പരാജയം ലഭിച്ചു.

യോശുവ :6:1-5,18

7:1-6,12-13

ആരാം രാജ്യത്തിലെ രാജാവിന്റെ സൈന്യത്തെ കണ്ടപ്പോൾ എലീശയുടെ ബാല്യക്കാരൻ ഭയന്ന് വിറച്ചു. എന്നാൽ എലീശ അവന്റെ കണ്ണുകൾ തുറപ്പാൻ യഹോവയോട് പ്രാർത്ഥിച്ചു. ലോകമ നുഷ്യരുടെ കണ്ണുകൾ അവരുടെ വിരോധികളെയും ശത്രുക്കളെയും കാണിച്ച് ഭയപ്പെടുത്തുന്നു. ജഢിക കണ്ണുകൾ ശത്രുക്കളെ കണ്ട് ഭയപ്പെടുമ്പോൾ വിശ്വാസിയുടെ ആത്മീയ കണ്ണുകൾ രക്ഷക നെയും അവന്റെ സൈന്യത്തേയും കാണുന്നു. ഓരോ ആരാധനയിലും ദൈവീക സാന്നിദ്ധ്യം കാണുവാൻ നമ്മുടെ കണ്ണുകൾ തുറക്കപ്പെടട്ടെ. നമ്മുടെ വീണ്ടെടുപ്പുകാരൻ യിസ്യയേലിന്റെ പരി ശുദ്ധനാണ്. ദൈവമഹത്വം കാണുവാൻ പ്രതികൂലത്തിന്റെ തീവ്രതയിലും യോഹന്നാ നപ്പോസ്തോലന് ഭാഗ്യം ലഭിച്ചു.

വെളി: 1:9-17

ദൈവമഹത്വം കാണുവാനുള്ള ഭാഗ്യം ആരാധനയിൽ നമ്മുടെ ആത്മീയ കണ്ണുകൾക്ക് ലഭിക്കട്ടെ.

**“Adversity minus God’s presence**

**equals doubt and fear everytime”**

അതിനാൽ ഭയപ്പെടാതെ ദൈവസാന്നിദ്ധ്യം ലഭിക്കുന്ന വഴിയോട് എപ്പോഴും പറയുക. സന്തോഷം അനുഭവിക്കുക.


*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg